പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 117</u> — <u>10.06.2013-ൽ മറുപടിക്ക്</u>

## <u>മദ്യത്തിന്റെയും ബിയറിന്റെയും വില വർദ്ധനവ്</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ.കോലിയക്കോട് എൻ.കൃഷ്ണൻ നായർ | ശ്രീ.കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബിവറേജസ് കോർപ്പറേഷൻ വിവിധ തരം മദ്യത്തിനും ബിയറിനും വില എത്ര തവണ വർദ്ധിപ്പിക്കുകയുണ്ടായി;<br>(ബി) ഏതെല്ലാം തീയതികളിലെ തീരുമാനങ്ങൾ വഴി ഏതെല്ലാം മദ്യങ്ങൾക്കും ബിയറുകൾക്കും എത്ര ശതമാനം വീതം വില വർദ്ധിപ്പിക്കുകയുണ്ടായി; | (എ)യും, (ബി)യും ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം, 2012-13 സാമ്പത്തിക വർഷത്തിൽ, ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന്റെ റേറ്റ് കോൺട്രാക്റ്റിലെ പർച്ചേസ് വില, 01.08.2012 മുതൽ ഉയർത്തുവാൻ, 27.07.2012-ൽ ചേർന്ന കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷന്റെ ഡയറക്ടർ ബോർഡ് തീരുമാനിക്കുകയുണ്ടായി. ടി വില വർദ്ധനയുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.<br><br>ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന്റെയും വൈനിന്റെയും നിലവിലുള്ള ബ്രാൻഡുകൾക്ക്, 2011-12 സാമ്പത്തിക വർഷത്തിലെ വാങ്ങിയ വിലയുടെ 6% വരെ ഉയർത്തിയതോ, 2012-13 സാമ്പത്തിക വർഷത്തിലേക്ക് അവർ ക്വാട്ട് ചെയ്ത വിലയോ, ഏതാണോ കുറവ്, അത് നല്കുവാനും, പുതിയ ബ്രാൻഡുകളുടെ കാര്യത്തിൽ, 2012-13 സാമ്പത്തിക വർഷത്തേക്ക് അവർ ക്വാട്ട് ചെയ്ത വിലയിൽ 5% കുറയ്ക്കുകയുമുണ്ടായി. ഈ വിലവർദ്ധന 01.08.2012 മുതലാണ് നിലവിൽ വന്നത്. |
| (സി) ഓരോ വർദ്ധനവിലൂടെയും കോർപ്പറേഷനുണ്ടായ അധിക ചെലവ് പ്രതിവർഷം എത്ര കോടി രൂപയാണ് എന്ന വ്യക്തമാക്കുമോ? | (സി) വില വർദ്ധിപ്പിച്ചതു മൂലം, 01.08.2012 മുതൽ 31.3.2013 വരെ കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷനുണ്ടായ അധിക ചെലവ് 40,87,88,995/- രൂപയാണ് |

സെക്ഷൻ ഓഫീസർ